**Malayala Manorama**

**19 August 2018**

**Aluva, UC College Relief Camp, Immediate Attention**

# യുസി കോളജ് ക്യാംപിൽ വേണ്ടത് അടിയന്തര ശ്രദ്ധ

ആലുവ • പ്രളയദുരിതത്തിലകപ്പെട്ട ആറായിരത്തിലേറെപ്പേർ കഴിയുന്ന ജില്ലയിലെ ഏറ്റവും വലിയ ദുരിതാശ്വാസ ക്യാംപായ യുസി കോളജിൽ അത്യാവശ്യ സൗകര്യങ്ങൾ ഉടൻ ഏർപ്പെടുത്തണമെന്ന് ആവശ്യം. അഞ്ചോ ആറോ അധ്യാപകരും മുപ്പതോളം വരുന്ന വിദ്യാർഥികളും ചേർന്നാണ് ഈ ആറായിരം പേരുടെയും കാര്യങ്ങൾ പ്രധാനമായും നോക്കിനടത്തുന്നത്. കൂടുതൽ സർക്കാർ ഉദ്യോഗസ്ഥരുടെയും വൊളന്റിയർമാരുടെയും ശ്രദ്ധ ഉടൻ ഇവിടെ പതിയേണ്ടതുണ്ട്.

സന്നദ്ധ പ്രവർത്തകരിലൂടെയും ജില്ലാ ആശുപത്രി മുഖേനയും കുറച്ചു സോപ്പ്, ബ്ലീച്ചിങ് പൗഡർ, ടോയ്‌ലറ്റ് സാമഗ്രികൾ എന്നിവ ലഭിച്ചെങ്കിലും വർധിച്ചുവരുന്ന ആവശ്യം നേരിടാൻ അതു മതിയാവില്ല. അല്ലെങ്കിൽ വലിയ ശുചിത്വ പ്രശ്നങ്ങൾക്ക് ഇടയാക്കും.

സാനിട്ടറി നാപ്കിനുകളും ഏറെ ആവശ്യമുണ്ട്. എട്ട് ഇ-ടോയ്‌ലറ്റുകൾ സ്ഥാപിച്ചെങ്കിലും ഇത്രയേറെ പേർക്ക് അതു പോര. ക്ലാസ് നടക്കുന്ന സമയത്തു രണ്ടായിരത്തോളം വിദ്യാർഥികളുടെ ആവശ്യത്തിനുതകുന്ന ടോയ്‌ലറ്റുകൾ മാത്രമേ കോളജിലുള്ളൂ. അതുപയോഗിച്ചാണ് ആറായിരമാളുകൾ കഴിയുന്നത്. ഭീതിജനകമായ സ്ഥിതിയാണിത്. ശുദ്ധജലത്തിനും കടുത്ത ദൗർലഭ്യമുണ്ട്. ഡോക്ടർമാരുടെ 12 അംഗ സംഘം ക്യാംപ് അംഗങ്ങളെ പരിശോധിച്ചു. പകർച്ചവ്യാധി ഭീഷണി നിലവിലുള്ളതിനാൽ ആരോഗ്യ സുരക്ഷയ്ക്കു കൂടുതൽ സംവിധാനം ഏർപ്പെടുത്തണം. ക്യാംപിൽ കഴിയുന്നവരിൽ കുറേപ്പേർ വെള്ളം ഇറങ്ങിയതോടെ ബന്ധുക്കളുടെ വീടുകളിലേക്കും മറ്റും മാറി. ഇവരെ ലോറികളിലും ആംബുലൻസുകളിലും കയറ്റി മെട്രോ സ്റ്റേഷനിൽ എത്തിച്ചു. ക്യാംപിലുള്ള രണ്ടു പേർക്ക് ഇവിടെ വരുമ്പോൾ തന്നെ ചിക്കൻപോക്സ് പിടിപെട്ടിരുന്നു. മറ്റാളുകളുമായി ഇടപെടാൻ അവസരം നൽകാതെ അവരെ പ്രത്യേക മുറിയിലാണ് പാർപ്പിച്ചിരിക്കുന്നത്. ഇരുവരെയും ഡോക്ടർമാർ പരിശോധിച്ചു മരുന്നു നൽകി.